കണ്ണൂർ ജില്ലയിലെ കുടിയേറ്റ കർഷകർക്ക് പട്ടയം നൽകാൻ നടപടി

147(842) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആര്യങ്കോട് മിച്ചഭൂമിയിലേയും, തലശ്ശേരി താലൂക്കിലെ വടക്കേക്കളം എസ്റ്റേറ്റ് മിച്ചഭൂമിയിലേയും കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ :

(ബി) പട്ടയം നൽകാൻ താമസമുണ്ടെങ്കിൽ ഇവർക്ക് കൈവശരേഖയെങ്കിലും നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ആര്യങ്കോട് പ്രദേശത്ത് 86 കൈവശ കൃഷിക്കാരുണ്ട്. ഇവരിൽ അർഹതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ പട്ടയം നൽകുന്നതിനായുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. തലശ്ശേരി താലൂക്കിലെ വടക്കേക്കളം എന്ന സ്ഥലത്ത് കൈവശക്കാരുടെ എതിർപ്പുമൂലം മിച്ചഭൂമി ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. ഇവരിൽ അർഹതയുള്ള കുടിയേറ്റ കർഷകർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കേക്കളം എസ്റ്റേറ്റ് മിച്ചഭൂമി കർഷകർക്ക് ഭൂനികുതി അടയ്ക്കാനുള്ള അനുമതി

148(843) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ വടക്കേക്കളം എസ്റ്റേറ്റിലെ മിച്ചഭൂമി കർഷകർക്കും, ദീർഘകാലമായി വീടുവച്ച് കൃഷി ചെയ്തു വരുന്ന കർഷകർക്കും ഭൂനികുതി അടയ്ക്കാൻ സാധിക്കാത്തത് കാരണം അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) വടക്കേക്കളം എസ്റ്റേറ്റ് മിച്ചഭൂമി കർഷകർക്ക് നികുതി അടയ്ക്കാനുള്ള പ്രത്യേക അനുമതി നൽകുമെന്ന 2010 ഡിസംബർ മാസത്തെ സർക്കാർ തീരുമാനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) വടക്കേക്കളം എസ്റ്റേറ്റ് മിച്ചഭൂമി കർഷകർക്ക് എപ്പോൾ നികുതി അടയ്ക്കാൻ അനുമതി നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടക്കേക്കളം മിച്ചഭൂമി കർഷകർക്ക് നികുതി അടയ്ക്കാനുള്ള പ്രത്യേക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ ജില്ലാ കളക്ടർ, നൽകിയ ശിപാർശ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly